സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി
SCERT Kerala
(എസ്.സി.ഇ.ആർ.ടി. കേരള)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
ഫോൺ: 0471 - 2341883, 2340323, ഫാക്സ് : 0471-2341869
ഇ-മെയിൽ : scertkerala@gmail.com, web: www.scert.kerala.gov.in

സർക്കുലർ

No. RL4-2361/2026/SCERT 30.10.2026

വിഷയം : *എസ്.സി.ഇ.ആർ.ടി - NuMaTS - ഗണിതശാസ്ത്രത്തിൽ അഭിരുചിയുള്ളവർക്കായി സംസ്ഥാനതലത്തിൽ നടത്തുന്ന പഠന പരിപോഷണ പദ്ധതി സംബന്ധിച്ച്.*

സൂചന : 1. സ.ഉ. (സാധാ) നമ്പർ. 832/12/പൊ.വി.വ. തീയതി : 22.02.2012

2. സ.ഉ. (സാധാ) നമ്പർ. 4801/12/പൊ.വി.വ. തീയതി : 05.10.2012

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ഗണിതശാസ്ത്രത്തിലുള്ള കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും അവരിൽ ഗണിത ഒളിമ്പ്യാഡ് പോലുള്ള ദേശീയ, അന്തർദേശീയ മത്സരപ്പരീക്ഷകളെക്കുറിച്ചുള്ള അവബോധം രൂപപ്പെടുത്തി എടുക്കുന്നതിനും, ഗണിതത്തിൽ പ്രത്യേക താല്പര്യമെടുത്ത് ആഴത്തിൽ പഠിക്കുന്നതിനും, ഗണിത പ്രോജെക്ടുകൾ ഏറ്റെടുക്കുന്നതിനും, ഗണിതചിന്ത വർദ്ധിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് "നുമാറ്റ്സ്". ആറാം ക്ലാസിൽ പഠിക്കുന്ന 74 വിദ്യാർഥികളെ സംസ്ഥാന തലത്തിൽ തിരഞ്ഞെടുത്ത് അവർക്ക് ഉയർന്ന നിലവാരത്തിലുള്ള ക്ലാസുകളും പ്രായോഗികാനുഭവങ്ങളും നൽകി അവരെ ഗണിതപ്രതിഭകളാക്കി വളർത്തുന്നതിനുള്ള ഒരു പദ്ധതിയാണിത്. തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് പ്രശസ്തരായ ഗണിതാദ്ധ്യാപകരുമായി സംവദിക്കുന്നതിനുള്ള അവസരം ലഭിക്കുന്നു. ഈ അധ്യായന വർഷം (2026-27) ആറാം ക്ലാസിൽ പഠിക്കുന്നവരിൽ നിന്നും ഈ പദ്ധതിയിലേക്കുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. പ്രസ്തുത ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേകംപ്രത്യേകമായി സ്കൂൾ, ഉപജില്ല, ജില്ലാതലങ്ങളിൽ അഭിരുചി പരീക്ഷകൾ നടത്തിയാണ് ഈ പദ്ധതിയിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നത്.

സ്കൂൾതലം

ഓരോ സർക്കാർ/ എയ്ഡഡ് സ്കൂളിൽ നിന്നും നിലവിൽ (2026-2027 അധ്യയനവർഷം) ആറാം ക്ലാസിൽ പഠിക്കുന്നവരിൽ നിന്നും ഗണിതത്തിൽ ഉന്നത നിലവാരമുള്ള 5 കുട്ടികളെ വീതം തിരഞ്ഞെടുത്ത് (ജനറൽ - 2, എസ്.സി - 1, എസ്.റ്റി - 1, വ്യത്യസ്ത കഴിവുള്ളവർ (Differently abled) -1) അവരുടെ പേരുവിവരം ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തി, ഓരോ കുട്ടിക്കും രജിസ്ട്രേഷൻ ഫീസായി 50 രൂപ സഹിതം **2026 ഡിസംബർ 7** ന് മുൻപ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണം.

ആറാം ക്ലാസിലെ കുട്ടികൾക്ക് അഭിരുചി വിലയിരുത്തുന്നതിനുള്ള സ്കൂൾതല പരീക്ഷ ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ **നവംബർ 26** ന് നടത്തേണ്ടതാണ്. ചോദ്യങ്ങൾ സ്കൂൾതലത്തിൽ തന്നെ തയ്യാറാക്കണം. ഉപജില്ലാതലത്തിൽ നടത്തുന്ന പരീക്ഷയുടെ മാതൃകയിൽ തന്നെയാണ് സ്കൂൾതല പരീക്ഷ നടത്തേണ്ടത്. ഉപജില്ലാപരീക്ഷയുടെ വിശദാംശങ്ങൾ ഇതോടൊപ്പം

File No. DGE/163/2026-Y1 (Computer No. 1727841)
Generated from eOffice by AJI P, Y1 DGE, Y1 DGE, DIRECTORATE OF GENERAL EDUCATION on 03/11/2026 10:14 AM

നൽകിയിരിക്കുന്നു. സ്കൂൾതല പരീക്ഷയ്ക്ക് 20 ചോദ്യങ്ങളാണ് വേണ്ടത്. എല്ലാം ഹ്രസ്വമായ ഉത്തരം എഴുതേണ്ട ചോദ്യങ്ങളായിരിക്കണം. 5 ചോദ്യങ്ങൾ ടൈബ്രേക്കറിന് വേണ്ടി അധികമായി തയ്യാറാക്കണം. പരീക്ഷാനടത്തിപ്പ് ചുമതല പ്രധാനാധ്യാപകനായിരിക്കും. പരീക്ഷയുടെ സുതാര്യത പ്രധാനാധ്യാപകൻ ഉറപ്പുവരുത്തണം. സ്കൂൾതലത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ പേര്, വിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണം.

ഏതെങ്കിലും കാറ്റഗറിയിൽ കുട്ടികൾ ഇല്ലെങ്കിൽ അത് ഒഴിച്ചിടണം. ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർ 40% ൽ കൂടുതൽ പരിമിതിയുള്ളവരായിരിക്കണം. അതത് സ്കൂൾ ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഇത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് എ.ഇ.ഒ. യ്ക്ക് നൽകണം. ഈ വിഭാഗത്തിൽ സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ പ്രസ്തുത സർട്ടിഫിക്കറ്റ് പരിശീലന ക്യാമ്പ് നടക്കുമ്പോൾ ഹാജരാക്കണം. ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമുള്ള സ്ക്രൈബ്, ഇന്റർപ്രെട്ടർ എന്നിവരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

ഉപജില്ലാതലം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലയുടെ ചാർജുള്ള ഡയറ്റ് ഫാക്കൽറ്റി അംഗം എന്നിവർ ഉപജില്ലാതല പരീക്ഷയ്ക്ക് നേതൃത്വം നൽകണം. പരീക്ഷ നടത്തിപ്പിന്റെ അക്കാദമിക ചുമതല ഡയറ്റ് ഫാക്കൽറ്റി അംഗത്തിനായിരിക്കും. പരീക്ഷയിൽ പങ്കെടുക്കുന്ന കുട്ടികളുടെ വിദ്യാലയത്തിൽ നിന്നുള്ള അധ്യാപകർ അവരുടെ വിദ്യാലയത്തിലെ കുട്ടികൾ പരീക്ഷ എഴുതുന്ന മുറിയിലോ പരീക്ഷാനടത്തിപ്പിലോ മൂല്യനിർണയത്തിലോ പങ്കെടുക്കുന്നില്ലെന്ന് എ.ഇ.ഒ ഉറപ്പുവരുത്തേണ്ടതാണ്. ഇൻവിജിലേറ്റർമാരായി നിയമിക്കുന്നവർ ഗണിതാധ്യാപകരായിരിക്കണം.

ഉപജില്ലാപരീക്ഷ സംസ്ഥാനത്തെ എല്ലാ ഉപജില്ലകളിലും **2027 ജനുവരി 9** ശനിയാഴ്ച നടത്തുന്നതാണ്. ഇതിനുള്ള ചോദ്യങ്ങൾ എസ്.സി.ഇ.ആർ.ടി അതത് ഉപജില്ലാ ഓഫീസറുടെ മെയിലിൽ നൽകുന്നതാണ്. പരീക്ഷയുടെ തൊട്ട് തലേദിവസം എ.ഇ.ഒ, ഡയറ്റ് ഫാക്കൽറ്റി എന്നിവർ ചേർന്ന് ചോദ്യപേപ്പർ ആവശ്യത്തിന് കോപ്പിയെടുത്ത് കവറിലിട്ട് ഒട്ടിച്ച് വയ്ക്കണം.

പരീക്ഷ രാവിലെ 10:30 മണി മുതൽ 12:00 മണിവരെ ഉപജില്ലയിലെ ഒരു കേന്ദ്രത്തിൽ വച്ച് നടത്തണം. ഓരോ മുറിയിലും ചുമതലയുള്ള അധ്യാപകൻ/അധ്യാപിക തന്നെ ആ മുറിയിലെ പേപ്പറുകൾ മൂല്യനിർണ്ണയം നടത്തണം. പരീക്ഷാദിവസം 9:45 ന് പരീക്ഷാ ചുമതലയുള്ള എല്ലാവരുടെയും സാന്നിധ്യത്തിൽ ചോദ്യക്കവർ പൊട്ടിക്കണം. ചോദ്യപ്പേപ്പറിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെടാതിരിക്കാൻ എ.ഇ. ഒ. മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു മുറിയിൽ 20 പേർ വീതം ഇരുന്ന് പരീക്ഷ എഴുതാൻ സൗകര്യം ഒരുക്കണം. 12:00 മണിക്കുശേഷം മൂല്യനിർണയം നടത്തി സ്കോർഷീറ്റും റാങ്ക് ലിസ്റ്റും തയ്യാറാക്കണം. ഉപജില്ലാ പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട എന്നീ മീഡിയങ്ങളിൽ ഉണ്ടായിരിക്കും. എല്ലാ ചോദ്യങ്ങളും ഹ്രസ്വമായ ഉത്തരം എഴുതേണ്ട ചോദ്യങ്ങളായിരിക്കും.

ഉപജില്ലാതല പരീക്ഷയ്ക്ക് രണ്ട് പാർട്ടുകളായിട്ടാണ് ചോദ്യങ്ങൾ ഉണ്ടാകുക (പാർട്ട് എ, പാർട്ട് ബി). പാർട്ട് എ യിൽ 30 ചോദ്യങ്ങളാണ് ഉണ്ടാകുക. പാർട്ട് ബി യിൽ 5 ചോദ്യങ്ങളും ഉണ്ടാകും. രണ്ട് പാർട്ടിലെയും എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. പാർട്ട് ബി യിലെ ചോദ്യങ്ങൾ ടൈബ്രേക്കിന് മാത്രമേ പരിഗണിക്കേണ്ടതുള്ളു. പാർട്ട് (എ) യിലെ സ്കോറുകൾ തുല്യമായി വരുന്ന സാഹചര്യത്തിൽ മാത്രം പാർട്ട് ബി മൂല്യനിർണയം നടത്തിയാൽ മതി.

എന്നിട്ടും തുല്യമായി വരുന്നപക്ഷം നറുക്കെടുപ്പിലൂടെ വിജയിയെ തീരുമാനിക്കാവുന്നതാണ്. എല്ലാം ഹ്രസ്വമായി ഉത്തരം എഴുതേണ്ടവയായിരിക്കും. പരീക്ഷ രാവിലെ 10:30 മുതൽ 12:00 വരെയായിരിക്കും ($1\frac{1}{2}$ മണിക്കൂർ), ആകെ സ്കോർ $30 \times 1 = 30$. ഉത്തരമെഴുതാൻ A4 പേപ്പറുകൾ കുട്ടികൾക്ക് നൽകണം. (കുട്ടികൾ 10 മണിക്ക് പരീക്ഷാഹാളിൽ എത്തിച്ചേരണം. 10:20 മുതൽ 10 മിനിറ്റ് കൂൾ ഓഫ് ടൈം ആണ്). ഭിന്നശേഷി കുട്ടികൾക്ക് സ്ക്രൈബ്, ഇന്റർപ്രെട്ടർ എന്നിവരുടെ സേവനം ഉറപ്പാക്കേണ്ടതാണ്.

എ.ഇ.ഒ ചെയർമാനും സബ്ജില്ലയുടെ ചാർജ്ജുള്ള ഡയറ്റ് ഫാക്കൽറ്റിയും ചേർന്ന പരീക്ഷാസമിതി ഒരു ഉപജില്ലയിൽ നിന്നും 9 കുട്ടികളെ (6 General, 1 SC, 1 ST, 1 Differently abled), തിരഞ്ഞെടുക്കണം. എ.ഇ.ഒ പരിധിയിൽ റൂറൽ, അർബൻ സ്കൂളുകൾ ഉണ്ടെങ്കിൽ ജനറൽ വിഭാഗത്തിലെ 6 കുട്ടികളിൽ 3 റൂറൽ, 3 അർബൻ എന്നിങ്ങനെ തിരഞ്ഞെടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ഒരു കാറ്റഗറിയിൽ നിന്നുതന്നെ 6 കുട്ടികളെ തിരഞ്ഞെടുക്കണം. ഈ ലിസ്റ്റ് ആണ് എ.ഇ.ഒ ഓഫീസിൽ പ്രസിദ്ധീകരിക്കേണ്ടത്. ഏതെങ്കിലും കാറ്റഗറിയിൽ കുട്ടികൾ ഇല്ലെങ്കിൽ അവ ഒഴിച്ചിടണം. കുട്ടി പഠിക്കുന്ന സ്കൂൾ അടിസ്ഥാനമാക്കിയായിരിക്കണം **Rural/ Urban തീരുമാനിക്കേണ്ടത്. പരീക്ഷാഫലത്തെക്കുറിച്ച് പരാതിയുണ്ടെങ്കിൽ ഫലപ്രഖ്യാപനം കഴിഞ്ഞ് 3 ദിവസത്തിനകം കുട്ടിയുടെ രക്ഷിതാവിന്** ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരാതി നൽകാവുന്നതാണ്. പരീക്ഷാസമിതി പരാതി പരിശോധിച്ച് തീരുമാനമെടുക്കും. ഇത് അന്തിമമായിരിക്കും.

ഓരോ കാറ്റഗറിയിലും പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കണം. മൂല്യനിർണയം നടത്തിയ ശേഷം അതിന്റെ വിശദാംശങ്ങൾ എസ്.സി.ഇ.ആർ.ടി തയ്യാറാക്കി നൽകുന്ന പ്രൊഫോർമയിൽ പൂരിപ്പിച്ച് അഞ്ച് ദിവസത്തിനുള്ളിൽ മെയിൽ ചെയ്യേണ്ടതും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒപ്പിട്ട പകർപ്പ് തപാൽ മുഖേന **ദി നൂമാറ്റ്സ് കോർഡിനേറ്റർ, എസ്.സി.ഇ.ആർ.ടി പൂജപ്പുര, തിരുവനന്തപുരം-12** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതുമാണ്. മെയിൽ ചെയ്യേണ്ട പ്രൊഫോർമ ഉപജില്ലാവിദ്യാഭ്യാസ ഓഫീസിന്റെ മെയിൽ അഡ്രസിൽ അയച്ചു തരുന്നതായിരിക്കും. എസ്.സി.ഇ.ആർ.ടി. യിൽ നിന്നുള്ള പ്രൊഫോർമയിൽ യാതൊരുവിധ മാറ്റങ്ങളും വരുത്തുവാൻ പാടുള്ളതല്ല. **സ്കാൻ ചെയ്ത് അയയ്ക്കുന്നവ, ഫോട്ടോ എടുത്ത് അയയ്ക്കുന്നവ എന്നിങ്ങനെയുള്ള പ്രൊഫോർമകളൊന്നും സ്വീകരിക്കുന്നതല്ല.**

രജിസ്ട്രേഷൻ ഫീസ് ശേഖരിക്കുന്നത് താഴെപറയുന്ന തരത്തിൽ സൂക്ഷിക്കേണ്ടതും കണക്കുകൾ കൈകാര്യം ചെയ്യേണ്ടതുമാണ്.

1. സ്കൂൾ തലത്തിൽ തിരഞ്ഞെടുക്കുന്ന 5 കുട്ടികളിൽ നിന്നും രജിസ്ട്രേഷൻ ഫീസായി ₹ 50/- വീതം ശേഖരിക്കേണ്ടതാണ്.
2. ഓരോ കുട്ടിക്കും, ഫീസ് ലഭിച്ചതിന് ഒരു രജിസ്ട്രേഷൻ സ്ലിപ്പ് സ്കൂൾ ഹെഡ്മാസ്റ്റർ നൽകേണ്ടതാണ്.
3. 5 കുട്ടികളുടെയും വിശദാംശങ്ങൾ അടങ്ങിയ പട്ടികയും ₹ 250/- തുകയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പക്കൽ ഹെഡ്മാസ്റ്റർ നൽകേണ്ടതാണ്.
4. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തുക ലഭിച്ചതിന് രസീത് നൽകേണ്ടതും, ഹെഡ്മാസ്റ്ററിൽ നിന്നും ലഭിച്ച തുക മെയിൻ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

5. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഈ വിഷയത്തിനുവേണ്ടി ഒരു പ്രത്യേക ഫയൽ സൂക്ഷിക്കേണ്ടതും വരവ് - ചെലവ് കണക്കുകൾ ക്യാഷ് ബുക്കിലും ഫയലിലും രേഖപ്പെടുത്തി ബന്ധപ്പെട്ട ഓഫീസർമാർ മേലൊപ്പ് വയ്ക്കേണ്ടതുമാണ്.
6. വരവ് - ചെലവിനങ്ങളുടെ വിശദാംശങ്ങൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സൂക്ഷിക്കേണ്ടതും അതിന്റെ Abstract എസ്.സി.ഇ.ആർ.ടി നുമാറ്റ്സ് കോഡിനേറ്റർക്ക് അയച്ചുതരേണ്ടതുമാണ്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ട് വൗച്ചറുകളും കണക്കുകളും സ്റ്റേറ്റ്മെന്റുകളും ഓഡിറ്റ് നടത്തേണ്ടതും ഓഡിറ്റ് നടത്തിയതിനുള്ള സർട്ടിഫിക്കറ്റിൽ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മേലൊപ്പ് പതിപ്പിച്ച് അതും അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളോടൊപ്പം അയച്ചു തരേണ്ടതുമാണ്.

ഉപജില്ലാ പരീക്ഷ നടത്താനുദ്ദേശിക്കുന്ന കേന്ദ്രം അതത് എ.ഇ.ഒ മാർ മുൻകൂട്ടി എസ്.സി.ഇ.ആർ.ടി. യിൽ അറിയിക്കേണ്ടതാണ്. എസ്.സി.ഇ.ആർ.ടി. യുടെ മോണിറ്ററിംഗ് ടീം പരീക്ഷാ ദിവസം പരീക്ഷാ കേന്ദ്രങ്ങൾ സന്ദർശിക്കുന്നതാണ്.

ഉപജില്ലാതല പരീക്ഷ കഴിഞ്ഞാൽ 5 ദിവസത്തിനകം റാങ്ക് ലിസ്റ്റും സെലക്ഷൻ ലിസ്റ്റും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പ്രസിദ്ധീകരിക്കണം. തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ വിവരം അറിയിക്കേണ്ടതും ലിസ്റ്റുകളുടെ പകർപ്പ് വിദ്യാഭ്യാസ ഉപഡയറക്ടർക്കും എസ്.സി.ഇ.ആർ.ടിക്കും അയക്കേണ്ടതുമാണ്. അതോടൊപ്പം പരീക്ഷയിൽ പങ്കെടുത്ത സ്കൂളുകളുടെ പേര്, പങ്കെടുത്ത കുട്ടികളുടെ എണ്ണം, സ്കോർ ഷീറ്റ്, പരീക്ഷയിൽ പങ്കെടുക്കാത്ത വിദ്യാലയങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളിന്റെ പേര് എന്നിവ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും എസ്.സി.ഇ.ആർ.ടിക്കും നൽകണം.

ജില്ലാതലം

ഉപജില്ലയിൽ നിന്നും തിരഞ്ഞെടുത്ത എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ചുകൊണ്ട് ഡി.ഡി.ഇ, ഡയറ്റ് പ്രിൻസിപ്പാൾ, എസ്.സി.ഇ.ആർ.ടി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എന്നിവരുടെ നേതൃത്വത്തിൽ, റവന്യു ജില്ലാ കേന്ദ്രത്തിൽ വച്ച് എസ്.സി.ഇ.ആർ.ടി നൽകുന്ന ചോദ്യപേപ്പർ ഉപയോഗിച്ചുള്ള അഭിരുചി പരീക്ഷ **2027 ജനുവരി 30** ന് നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. യുക്തിപരമായ വിശകലനത്തിന് ഊന്നൽ നൽകുന്ന ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് ഉണ്ടാകുക. ചോദ്യപേപ്പറിൽ രണ്ട് ഭാഗങ്ങൾ ഉണ്ടാകും.

ഭാഗം **I** : ഹ്രസ്വമായ ഉത്തരം എഴുതേണ്ട 20 ചോദ്യങ്ങൾ. ആകെ സ്കോർ : 20 (ഇതിൽ സെലക്ടീവ് റസ്പോൺസ് ടൈപ്പ് ചോദ്യങ്ങളും ഉണ്ടായിരിക്കും)

ഭാഗം **II** : വിശദീകരണം സഹിതം ഉത്തരം എഴുതേണ്ട 10 ചോദ്യങ്ങൾ. ആകെ സ്കോർ : 30

ചോദ്യപ്പേപ്പറിൽത്തന്നെ ഉത്തരം എഴുതാവുന്ന തരത്തിലായിരിക്കും പരീക്ഷ. ചോദ്യങ്ങൾ മലയാളത്തിലും (തമിഴ്/കന്നട) ഇംഗ്ലീഷിലും ഉണ്ടായിരിക്കും. പരീക്ഷാ സമയം $1\frac{1}{2}$ മണിക്കൂർ. ഭിന്നശേഷി കുട്ടികൾക്ക് സ്ക്രൈബ്, ഇന്റർപ്രെട്ടർ തുടങ്ങിയവരുടെ സേവനം ഉറപ്പുവരുത്തണം.

എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ ഉത്തരക്കടലാസ്സുകൾ സംസ്ഥാനതലത്തിൽ കേന്ദ്രീകൃതമായി പരിശോധിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഓരോ ജില്ലയിൽ നിന്നും 5 പേരെ വീതം (4 General

(2 Urban, 2 Rural), 1 SC/ST) തിരഞ്ഞെടുക്കുന്നു. കൂടാതെ 4 വ്യത്യസ്ത കഴിവുള്ളവർ (Differently abled) കുട്ടികളെ സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കുന്നു. 14 SC/ST കുട്ടികളിൽ 8 SC, 6 ST എന്ന രീതിയിലായിരിക്കും തിരഞ്ഞെടുപ്പ്.

തിരഞ്ഞെടുത്ത കുട്ടികൾക്ക് സംസ്ഥാനതലത്തിൽ ക്യാമ്പും അനുബന്ധ പഠനപ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതാണ്.

ഡയറക്ടർ

അനുബന്ധം 1

Expenditure for Sub District level programme

Registration fee per student - 50/-

The amount can be utilized for the following purposes

1. Refreshment of students
2. Venue arrangement
3. Stationery and contingency
4. Remuneration to invigilators cum evaluating teachers including DIET Faculty
5. Expense for Mathematics workshop

File No. DGE/163/2026-Y1 (Computer No. 1727841)
Generated from eOffice by AJI P, Y1 DGE, Y1 DGE, DIRECTORATE OF GENERAL EDUCATION on 03/11/2026 10:14 AM

അഭിരുചി പരീക്ഷകളുടെ സിലബസ്

സംഖ്യകൾ

എണ്ണൽ സംഖ്യകൾ	:	സംഖ്യാബോധം, ക്രിയകൾ, സംഖ്യാ പാറ്റേണുകൾ, സംഖ്യാബന്ധങ്ങൾ, പ്രായോഗിക പ്രശ്നങ്ങൾ
ഭിന്നസംഖ്യകൾ	:	ആശയം, ക്രമീകരണം, താരതമ്യം, സങ്കലനം, വ്യവകലനം, ഭിന്നസംഖ്യാ പാറ്റേണുകൾ പ്രായോഗിക പ്രശ്നങ്ങൾ
ദശാംശരൂപങ്ങൾ	:	ആശയം, അളവുകളുടെ ദശാംശരൂപം, താരതമ്യം, സങ്കലനം, വ്യവകലനം, ഭിന്നസംഖ്യകളും ദശാംശരൂപങ്ങളും, പ്രായോഗിക പ്രശ്നങ്ങൾ
ഗുണിതങ്ങളും ഘടകങ്ങളും	:	ഗുണിതം, പൊതുഗുണിതം, ഘടകം, പൊതുഘടകം, അഭാജ്യഘടകങ്ങൾ
അളവുകൾ	:	നീളം, ഭാരം, വ്യാപ്തം, ചുറ്റളവ്, പരപ്പളവ്, സമയം, പ്രായോഗിക പ്രശ്നങ്ങൾ
ജ്യാമിതി	:	2D, 3D രൂപങ്ങൾ, കോണളവ്

Mental Ability and reasoning

ഡയറക്ടർ

File No. DGE/163/2026-Y1 (Computer No. 1727841)
Generated from eOffice by AJI P, Y1 DGE, Y1 DGE, DIRECTORATE OF GENERAL EDUCATION on 03/11/2026 10:14 AM